മുദ്രകൾ

## ഇസ്‌ലാമിസ്റ്റ് പാർലമെന്റേറിയന്മാരുടെ പൊതുവേദി

**ഇസ്‌ലാമിക** പ്രസ്ഥാനങ്ങൾ ജനാധിപത്യപ്രക്രിയയിൽ സജീവ പങ്കാളിത്തം വഹിച്ചുതുടങ്ങിയതോടെ ഏതാണ്ടെല്ലാ മുസ്‌ലിംനാടുകളിലെയും പാർലമെന്റുകളിൽ ഇസ്‌ലാമിസ്റ്റുകൾക്ക് പ്രാതിനിധ്യം ലഭിച്ചിട്ടുണ്ട്. പൊതുപ്രവർത്തകരും അക്കാദമീഷ്യരും മതപണ്ഡിതന്മാരും ഉൾപ്പെടുന്ന പ്രഗത്ഭരായ പാർലമെന്റേറിയന്മാരുടെ ഒരു നിരയെ സൃഷ്ടിച്ചെടുക്കാൻ ഇസ്‌ലാമിസ്റ്റുകൾക്ക് സാധിക്കുകയുണ്ടായി. ഇവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മാറിയ സാഹചര്യത്തിൽ രാഷ്ട്രീയ തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിനും ഇസ്‌ലാമിസ്റ്റ് പാർലമെന്റേറിയന്മാരുടെ ഒരു ലോകവേദി 2007 തുടക്കത്തിൽ ജക്കാർത്തയിൽ നിലവിൽ വന്നു. അൽ മുൻതദൽ ആലമി ലിൽ ബർലമാനിയ്യീനൽ ഇസ്‌ലാമിയ്യീൻ എന്നാണതിന്റെ പേര്. വേദിയുടെ രണ്ടാം സമ്മേളനം 2007 ജൂലൈയിൽ യമനിലെ സ്വൻആയിൽ വെച്ചാണ് ചേർന്നത്.

"പൊതുവെ പറഞ്ഞാൽ ഇസ്‌ലാമിസ്റ്റുകൾക്കിത് മുന്നേറ്റത്തിന്റെ കാലമാണ്. അവിടെയുമിവിടെയും അവർക്ക് ചില തിരിച്ചടികൾ ഉണ്ടായിട്ടുണ്ടാവാം. പക്ഷേ, സമൂഹത്തിൽ അവർ നേടിക്കൊണ്ടിരിക്കുന്ന വിശ്വാസ്യത ആർക്കും കണ്ടില്ലെന്ന് നടിക്കാനാവില്ല. ഏതു നാട്ടിലും ഇന്ന് ജനപക്ഷത്ത് നിൽക്കുന്നത് ഇസ്‌ലാമിസ്റ്റുകളാണ്. അതിന്റെ പ്രതിഫലനങ്ങൾ പല രംഗങ്ങളിലും കാണാം. അതിലൊന്നാണ് ഈ ലോക വേദിയും"- വേദിയുടെ അധ്യക്ഷനായ ഡോ. അബ്ദുൽ മജീദ് മുനാസ്വ പറഞ്ഞു. "മുസ്‌ലിംനാടുകളിലെ പാർലമെന്റുകൾ ജനകീയാഭിലാഷങ്ങളെ പ്രതിഫലിപ്പിക്കുന്നവയാണെന്ന് പറയാനാവില്ല. പരിമിതമായ ജനാധിപത്യ സംവിധാനങ്ങളേ അവിടെ അനുവദിക്കപ്പെട്ടിട്ടുള്ളൂ. വ്യാപകമായ തെരഞ്ഞെടുപ്പ് കൃത്രിമങ്ങളാണ് മറ്റൊരു വെല്ലുവിളി. അതിനാൽ ഇസ്‌ലാമിസ്റ്റുകളുടെ ഇപ്പോഴത്തെ പാർലമെന്റ് പ്രാതിനിധ്യം അവരുടെ യഥാർഥ ശക്തിയെ പ്രതിഫലിപ്പിക്കുന്നില്ല."

ഇസ്‌ലാമിസ്റ്റ് പശ്ചാത്തലമുള്ള മുൻ പാർലമെന്റേറിയന്മാരെയും വേദിയുടെ സമ്മേളനങ്ങളിലേക്ക് ക്ഷണിക്കാറുണ്ട്. പുതുതായി നൂറ് പേരെ വേദിയിൽ അംഗങ്ങളായി ചേർക്കുകയുണ്ടായി. ഇതൊരു സ്വതന്ത്ര വേദിയാണെന്ന് അതിന്റെ വക്താക്കൾ അവകാശപ്പെടുന്നു. സുതാര്യവും അഴിമതിമുക്തവുമായ ഭരണം കാഴ്ചവെക്കാൻ ഇസ്‌ലാമിസ്റ്റുകളെ പ്രാപ്തരാക്കുകയാണ് ഇതിന്റെ ലക്ഷ്യമെന്ന് അബ്ദുൽ മജീദ് മുനാസ്വ പറഞ്ഞു. പടിഞ്ഞാറുമായി സംവാദം നടത്താനും ഫലസ്തീൻ പ്രശ്നം പ്രത്യേകമായി പഠിക്കാനും ഇതിനു കീഴിൽ ഉപസമിതികൾ രൂപവത്കരിച്ചിട്ടുണ്ട്. ■

## യൂറോപ്പിൽ 'യുറേബിയ' ഭീതി പടർത്തുന്നു

**ഇത്തവണ** റമദാൻ യൂറോപ്പിലെത്തുന്നത് അവിടത്തെ മുസ്‌ലിംകൾ ആശങ്കയുടെയും ഭീതിയുടെയും മുൾമുനയിൽ നിൽക്കുമ്പോഴാണ്. ഇതുവരെ യൂറോപ്പിലെ തീവ്ര വലതുപക്ഷ സംഘടനകളായിരുന്നു ഇസ്‌ലാംവിരുദ്ധ പ്രോപഗണ്ടയുടെ മുൻനിരയിൽ. ഇപ്പോൾ ഇസ്‌ലാമിനെക്കുറിച്ച ഭീതി ജനിപ്പിക്കുന്ന പണി (Islamophobia) ചർച്ചും സ്റ്റേറ്റും തന്നെ ഏറ്റെടുത്തിരിക്കുന്നു. "സുരക്ഷാ ഉദ്യോഗസ്ഥന്മാർ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കു വേണ്ടി ഇസ്‌ലാമിനെ യൂറോപ്പ് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഭീഷണിയായി ചിത്രീകരിക്കുകയാണ്"- ഫ്രഞ്ച് ഗവേഷകനും The New Islamophobia എന്ന പുസ്തകത്തിന്റെ കർത്താവുമായ വിൻസന്റ് ഗെയ്സർ പറഞ്ഞു. "സുരക്ഷാ സംവിധാനങ്ങളെ മുമ്പിൽ നിർത്തിയാണ് യൂറോപ്പിൽ പല രാഷ്ട്രീയ അജണ്ടകളും നടപ്പാക്കപ്പെടാറുള്ളത്."

ഈയിടെ ഫ്രഞ്ച് സുരക്ഷാ അധികൃതരും മീഡിയയും നടത്തിയ ഒരു ഒത്തുകളിയിലേക്കാണ് ഗെയ്സർ വിരൽചൂണ്ടുന്നത്. യൂറോപ്പിലെ പല 'ഹലാൽ സ്റ്റോറുകളും' തീവ്രവാദ ഗ്രൂപ്പുകൾക്ക് പണമയക്കുന്നുണ്ടെന്ന് ഫ്രഞ്ച് പത്രങ്ങൾ ഒരു വാർത്ത പടച്ചുവിട്ടു. സുരക്ഷാ ഉദ്യോഗസ്ഥരെ ഉദ്ധരിച്ചുകൊണ്ടായിരുന്നു റിപ്പോർട്ട്. ഫ്രാൻസിലെ പുതിയ മുസ്‌ലിം തലമുറ അറബിഭാഷ പഠിക്കുന്നത് ഗവൺമെന്റ് കണിശമായി നിരീക്ഷിക്കുന്നുണ്ടെന്ന 'രഹസ്യ'വും മീഡിയക്ക് ചോർന്നുകിട്ടി. ഇസ്‌ലാംവിരുദ്ധ വികാരം ചൂടോടെ നിലനിർത്താൻ ഗവൺമെന്റും മീഡിയയും അവതരിപ്പിക്കുന്ന പതിവ് നാടകമാണിതെന്ന് ഫ്രാൻസിലെ ഇസ്‌ലാമോഫോബിയ വിരുദ്ധ സമിതിയുടെ തലവൻ സാമി ദബ്ബ പറഞ്ഞു.

ജർമനിയിൽ തദ്ദേശീയരായ നവ മുസ്‌ലിംകൾക്കെതിരെ തിരിഞ്ഞിരിക്കുകയാണ് അവിടത്തെ ഭരണകൂടം. സ്ഫോടക വസ്തുക്കൾ സൂക്ഷിച്ചു എന്നാരോപിച്ച് രണ്ട് നവ ജർമൻ മുസ്‌ലിംകളും ഒരു തുർക്കി വംശജനും ഈയിടെ അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു. നവ മുസ്‌ലിംകളുടെ ഓൺലൈൻ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ നിയമം തന്നെ നിർമിക്കണമെന്നാണ് ചാൻസലർ അൻജല മെർക്കറിന്റെ ക്രിസ്ത്യൻ ഡെമോക്രാറ്റിക് പാർട്ടിയുടെ അഭിപ്രായം. കഴിഞ്ഞ ജൂണിലാണ് ജർമനിയിലെ ഉന്നത പദവിയിലുള്ള ഒരു കർദിനാൾ ഇസ്‌ലാമിന് ക്രിസ്തുമതത്തിനുള്ള അതേ പദവി കൈവരുന്നത് കരുതിയിരിക്കണമെന്ന് മുന്നറിയിപ്പ് നൽകിയത്. പോപ്പ് ബെനഡിക്ട് പതിനാറാമാന്റെ പ്രൈവറ്റ് സെക്രട്ടറി പറഞ്ഞു: "യൂറോപ്പിതാ ഇസ്‌ലാമികവത്കരിക്കപ്പെടാൻ പോകുന്നു; ക്രിസ്ത്യൻ വേരുകൾ സംരക്ഷിക്കാൻ ഒരുങ്ങിയിരുന്നുകൊള്ളുക."

ന്യൂയോർക്കിലെ ഇരട്ട ടവർ ഭീകരാക്രമണത്തിന്റെ ആറാം വാർഷികമായ കഴിഞ്ഞ സെപ്റ്റംബർ പതിനൊന്നിന് ബ്രസ്സൽസിലെ ഒരു വലതുപക്ഷ സംഘടന ഇസ്‌ലാംവിരുദ്ധ ലഘുലേഖകളും സ്റ്റിക്കറുകളും വ്യാപകമായി പ്രചരിപ്പിക്കുകയുണ്ടായി. 'സ്വാതന്ത്ര്യത്തെ സ്നേഹിക്കുകയെന്നാൽ ഇസ്‌ലാമിനെ ചെറുക്കലാണ്'- ഇതാണ് ഒരു സ്റ്റിക്കർ. അതിന്റെ നടുവിൽ നമസ്കരിക്കുന്ന ഒരാളുടെ ചിത്രം. അതിന്റെ മുകളിൽ ചുവന്ന വര കൊണ്ട് ക്രോസ് ചെയ്തിരിക്കുന്നു. യൂറോപ്പ് Eurabia ആയിക്കൊണ്ടിരിക്കുന്നു എന്ന വിഷലിപ്തമായ പ്രചാരണം അവിടത്തെ മുസ്‌ലിം ന്യൂനപക്ഷങ്ങളുടെ നിലനിൽപു തന്നെ അപകടത്തിലാക്കിയിരിക്കുന്നു.. ■